ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17.10.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ആദിവാസി ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദി കർമ്മയോഗി അഭിയാൻ ആരംഭിച്ചതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu stated that the 'Adi Karmyogi Abhiyan' was launched with the goal of making tribal villages self-sufficient.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയുമായി ചർച്ച നടത്തി. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കാൻ ധാരണ.

   **Prime Minister Narendra Modi held talks with Sri Lankan Prime Minister Harini Amarasuriya; discussed measures to strengthen cooperation in various sectors.**

3. ഇന്ത്യൻ വ്യോമസേനയ്ക്ക് കരുത്ത് പകർന്ന്, ആദ്യ തേജസ് LCA MK1-A യുദ്ധവിമാനം പറന്നുയർന്നു. പ്രതിരോധ ഉൽപ്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Boosting the strength of the Indian Air Force, the first Tejas LCA MK1-A fighter jet took flight. The central government is**

committed to achieving self-reliance in defense production, says Defence Minister Rajnath Singh.

4. ബിഹാറിൽ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു. പ്രചാരണം ഊർജിതം.

   Deadline for filing nominations for the first phase of Bihar Assembly elections ends; campaigning intensifies.

5. കേരളത്തിൽ ശക്തമായ മഴ തുടരും. 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rains to continue in Kerala; yellow alert in 10 districts today. Fishing banned along Kerala-Karnataka-Lakshadweep coasts.

6. BWF ലോക ജൂനിയർ ചാമ്പ്യൻഷിപ്പിൽ മെഡൽ ഉറപ്പിച്ച് ഇന്ത്യ. വനിതാ സിംഗിൾസ് ബാഡ്മിന്റൺ സെമിഫൈനലിൽ ഇന്ത്യയുടെ തൻവി ശർമ്മയ്ക്ക് ജയം.

   India secures a medal at the BWF World Junior Championship. India's Tanvi Sharma wins in women's singles badminton semifinal.

## PREZ - ADI KARMAYOGI (INTRO)

ആദിവാസി ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദി കർമ്മയോഗി അഭിയാൻ ആരംഭിച്ചതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടന്ന ആദി കർമ്മയോഗി അഭിയാൻ ദേശീയ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ്)

ഈ അഭിയാനിലൂടെ രാജ്യത്തിൻ്റെ വികസന യാത്രയിൽ ഗോത്ര സമൂഹങ്ങൾ പങ്കാളികളാകുന്നതായും ശ്രീമതി മുർമു പറഞ്ഞു. **'ട്രൈബൽ വില്ലേജ് വിഷൻ 2030'** എന്ന ദർശനത്തിന് ഊന്നൽ നല്കിക്കൊണ്ട് കേന്ദ്ര ഗോത്രകാര്യ മന്ത്രാലയമാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

## PRESIDENT - KERALA

രാഷ്ട്രപതി ദ്രൗപദി മുർമു നാലുദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 -ന് കേരളത്തിലെത്തും. 22 നാണ് ശബരിമല ദർശനം. വിപുലമായ തയ്യാറെടുപ്പുകളാണ് സന്നിധാനത്തും പമ്പയിലും ഇതോടനുബന്ധിച്ച് നടക്കുന്നത്. തുടർന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന രാഷ്ട്രപതി 24ന് ന്യൂഡൽഹിക്ക് മടങ്ങും.

## PM-SRI LANKA+PM-EGYPT FM

ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയുമായും ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടിയുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച നടത്തി. ഹരിണി അമരസൂര്യയുടെ ഇന്ത്യാ സന്ദർശനം ചരിത്രപരമാണെന്നും ഇന്ത്യ-ശ്രീലങ്ക ബന്ധത്തിന് പുതിയ മാനം നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, നവീകരണ വികസന സഹകരണം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം എന്നിവയുൾപ്പെടെ നിരവധി മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. ഡോ. ബദർ അബ്ദലട്ടിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഗാസ സമാധാന കരാറിൽ ഈജിപ്ത് വഹിച്ച നിർണായക പങ്കിന് പ്രസിഡന്റ് അബ്ദൽ

ഫത്താഹ് എൽ - സിസിയെ പ്രധാനമന്ത്രി അഭിനന്ദിച്ചു. വ്യാപാരം, സാങ്കേതികവിദ്യ, ഊർജം, പ്രതിരോധം എന്നിവയുൾപ്പെടെ ഈജിപ്തുമായി ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ മേഖലകളിൽ കൈവരിക്കുന്ന പുരോഗതിയിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## DAY-RAJNATH-FIGHTER JET (INTRO)

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിൻ്റെ നാസിക് പ്രൊഡക്ഷൻ ലൈനിൽ നിർമിച്ച ആദ്യ തേജസ് LCA MK1A യുദ്ധവിമാനത്തിൻ്റെ പരീക്ഷണ പറക്കൽ വിജയകരം. പ്രതിരോധ നിർമാണ മേഖലയിലെ സ്വാശ്രയത്വത്തിലേക്കുള്ള രാജ്യത്തിൻ്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണിതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

(ഹോൾഡ്)

പ്രതിരോധ ഉൽപാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുന്നതിനുള്ള സർക്കാരിൻ്റെ പ്രതിബദ്ധത അദ്ദേഹം ചടങ്ങിൽ ആവർത്തിച്ചു. വ്യോമസേനയുടെ മിഗ്-21 വിമാനങ്ങൾക്ക് പകരമായാണ് അത്യന്താധുനിക ശേഷിയോട് കൂടിയ LCA MK1A സേനയുടെ ഭാഗമാകുന്നത്. കരയിലും, ആകാശത്തും, സമുദ്രത്തിലും ആക്രമണം നടത്താനുള്ള ശേഷി ഈ യുദ്ധവിമാനത്തിനുണ്ട്. HTT-40 പരിശീലന വിമാനങ്ങൾക്കായുള്ള രണ്ടാമത്തെ പ്രൊഡക്ഷൻ ലൈനും രക്ഷാ മന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## GADKARI + GOYAL - ASSOCHAM

ഈ വർഷം അവസാനത്തോടെ രാജ്യത്തെ ചരക്കു ഗതാഗത ചിലവ് വലിയ തോതിൽ കുറയുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി

നിതിൻ ഗഡ്കരി. അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ വാർഷിക യോഗത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മൗറീഷ്യസ്, ഓസ്ട്രേലിയ, യുഎഇ എന്നീ രാജ്യങ്ങളുമായും യൂറോപ്യൻ ഫ്രീ ട്രേയ്ഡ് അസോസിയേഷനുമായുമുള്ള സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യയുടെ വ്യാപാര മേഖലയിൽ പുതിയ അധ്യായം തുറന്നതായി സംഘടനയുടെ 105-ാമത് വാർഷിക ജനറൽ യോഗത്തിൽ പങ്കെടുത്തുകൊണ്ട് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ പറഞ്ഞു.

## SCINDIA – TELECOM

ടെലികോം മേഖലയിലെ ആഗോള ശക്തിയായി ഇന്ത്യ മാറുന്നതായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൻറെ നേട്ടങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. സ്വന്തമായി 4-ജി സ്റ്റാക്കുള്ള അഞ്ചാമത്തെ വലിയ രാജ്യമായി ഇന്ത്യ മാറിയതായും ശ്രീ സിന്ധ്യ പറഞ്ഞു.

## DAY BIHAR ELECTIONS

ബിഹാറിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ഈ മാസം 20 വരെയാണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണവും ഊർജിതമായി പുരോഗമിക്കുകയാണ്. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് NDA യുടെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു

. ബിഹാർ  മുഖ്യമന്ത്രിയും ജെ.ഡി.യു നേതാവുമായ നിതീഷ് കുമാറുമായി ശ്രീ അമിത് ഷാ കൂടിക്കാഴ്ച നടത്തി.  48 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക കോൺഗ്രസ് ഇന്നലെ പുറത്തിറക്കിയിരുന്നു. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി  അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ്  വോട്ടെണ്ണൽ.

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 127-ാം പതിപ്പാണിത്.  മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും  ഈ മാസം 24 വരെ പങ്കുവയ്ക്കാം.

## GST (INTRO)

പുതുക്കിയ ജി.എസ്.ടി പരിഷ്കാരങ്ങൾ ഇൻഷുറൻസ് മേഖലയിൽ വളരെയധികം നേട്ടങ്ങൾ കൊണ്ടുവന്നതായി വിലയിരുത്തൽ. പരിഷ്കാരങ്ങളെ പ്രതീക്ഷയോടെ കാണുന്നതായി കണ്ണൂരിൽ നിന്നുള്ള ഇൻഷുറൻസ് അഡ് വൈസർ ബേബി സ്മിത ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

## IMD WEATHER DAY

കേരളത്തിന് പുറമേ മാഹി, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെലങ്കാനയിൽ അടുത്ത മൂന്ന് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്. ലക്ഷദ്വീപിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും കേരളത്തിലെ പത്ത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ 9 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. അറബിക്കടലിലെ ചക്രവാതച്ചുഴി അടുത്ത 48 മണിക്കൂറിനുള്ളിൽ തീവ്ര ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയെന്നും മുന്നറിയിപ്പ്. കേരള - കർണാടക- ലക്ഷ്വദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## BADMINTON-WORLD JUNIOR CHAMPIONSHIP

ഗുവാഹത്തിയിൽ നടന്ന വനിതാ സിംഗിൾസ് ബാഡ്മിന്റൺ സെമിഫൈനലിൽ ഇന്ത്യയുടെ തൻവി ശർമ്മയ്ക്ക് ജയം. ജപ്പാൻ താരത്തെ 13-15, 15-9, 15-10 എന്ന സ്കോറിനാണ് തൻവി പരാജയപ്പെടുത്തിയത്. ഇതോടെ BWF ലോക ജൂനിയർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മെഡൽ ഉറപ്പിച്ചു.

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയ്ക്ക് 20 റൺസിൻ്റെ ഒന്നാം ഇന്നിങ്സ് ലീഡ്. കേരളത്തിൻ്റെ ആദ്യ ഇന്നിങ്സ് 219 റൺസിന് അവസാനിച്ചു. മൂന്ന് വിക്കറ്റിന് 35 റൺസെന്ന നിലയിലാണ് കേരളം ഇന്ന് കളി ആരംഭിച്ചത്. രണ്ടാം ഇന്നിങ്സിൽ ബാറ്റിങ് തുടങ്ങിയ

മഹാരാഷ്ട്ര മൂന്നാം ദിവസം കളി നിർത്തുമ്പോൾ വിക്കറ്റ് പോകാതെ 51 റൺസെന്ന നിലയിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## CM – KERALA

മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൾഫ് സന്ദർശനം പുരോഗമിക്കുന്നു. പ്രവാസി മലയാളി സംഗമം മുഖ്യമന്ത്രി ഇന്ന് ബഹ്റിനിൽ ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## VEENA GEORGE

അമീബിക് മസ്തിഷ്ക ജ്വരം കൃത്യമായി കണ്ടുപിടിക്കുന്നതിലൂടെ, രോഗം മൂലമുള്ള മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതായി ആരോഗ്യ മന്ത്രി വീണ ജോർജ്. ആഗോളതലത്തിൽ 98 ശതമാനത്തി നടുത്ത് മരണനിരക്കുള്ളപ്പോൾ കേരളത്തിൽ ഇത് 23 ശതമാനത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞതായും മന്ത്രി മാനന്തവാടിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമലക്ഷേത്ര തുറന്നു. തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി നട തുറന്ന് ദീപം തെളിച്ചു. അറ്റകുറ്റപ്പണികൾക്ക് ശേഷം തിരികെ എത്തിച്ച സ്വർണപാളികൾ ദ്വാരപാലക ശിൽപങ്ങളിൽ ഇന്ന് പുനസ്ഥാപിച്ചു. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ്

നാളെ നടക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് 22 ന് തീർഥാടകർക്ക് ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.